അടിയന്തരപ്രമേയം

കെ.എസ്.ആർ.ടി.സി നേരിടുന്ന പ്രതിസന്ധി

<u>മി. സ്പീക്കർ:</u> വളരെ ദീർഘനേരം ചോദ്യോത്തരവേളയിൽ ചർച്ച ചെയ്യപ്പെട്ട ഒരു വിഷയമാണ് അടിയന്തരപ്രമേയമായി വന്നിട്ടുള്ളത്. അംഗങ്ങളുടെ അവകാശത്തെ നിഷേധിക്കാൻ കഴിയാത്തതുകൊണ്ട് മൂന്ന് ചോദ്യങ്ങളും ക്ലബ് ചെയ്തു. ആ വിഷയം തന്നെയാണ് അടിയന്തരപ്രമേയത്തിലേയ്ക്കും വന്നിട്ടുള്ളത്, പ്രധാനപ്പെട്ടതാണ്. ഏതായാലും റൂൾ 50 അനുവദിക്കുന്നു.

വൻകിട ഡീസൽ ഉപഭോക്താക്കളുടെ പട്ടികയിൽനിന്ന് മാറ്റിക്കൊണ്ട് ഡീസലിന്റെ അധികവില ഒഴിവാക്കാൻ കേന്ദ്രം സന്നദ്ധമാകാത്തതിനാൽ കെ.എസ്.ആർ.ടി.സി കടുത്ത പ്രതിസന്ധിയിലാവുകയും കെ.എസ്.ആർ.ടി.സി-യെ പ്രതിസന്ധിയിൽനിന്നും കരകയറ്റാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കാതിരിക്കുന്നതുമൂലം സംസ്ഥാനത്താകെ യാത്ര പ്രതിസന്ധിയിലായിരിക്കുന്നതായി പറയപ്പെടുകയും ചെയ്യുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ മാത്യു റ്റി. തോമസ്, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ), വി.എസ്. സുനിൽ കുമാർ, കോവൂർ കുഞ്ഞുമോൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ബഹുമാനപ്പെട്ട ചെയർ പറഞ്ഞതുപോലെ ഈ കാര്യങ്ങളൊക്കെ ഇവിടെ പറഞ്ഞുകഴിഞ്ഞതാണ്. അതുകൊണ്ട് ഇനി കൂടുതൽ കാര്യങ്ങൾ പറയുന്നില്ല. ഈ കാര്യത്തിൽ ഗവൺമെന്റ് അടിയന്തരമായി ഇടപെടുകയും ക്യാബിനറ്റും ഫിനാൻസ് ഡിപ്പാർട്ടുമെന്റും അടിയന്തരമായി താല്കാലികാ ശ്വാസം നൽകുകയും ചെയ്തെങ്കിലും പ്രശ്നം പരിഹരിക്കപ്പെട്ടില്ല. അത് ഗുരുതരമായി തുടരുകയാണ്. ഇതിനായി ചീഫ് സെക്രട്ടറി കൺവീനറായി ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ആ കാര്യം ഞാൻ പറഞ്ഞിരുന്നു. ആ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബാക്കിയുള്ള നടപടികൾകൂടി ഗവൺമെന്റ് കൈക്കൊള്ളുന്നതാണ്.

ശ്രീ. മാത്യു റ്റി. തോമസ്: സർ, ഗവൺമെന്റ് അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു എന്നാണ് ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി പറഞ്ഞത്. ജനുവരി 18-ാം തീയതിയാണ് സബ്സിഡി കൂടാതെയുള്ള നിരക്കിൽ മാത്രമെ കെ.എസ്.ആർ.ടിസി-ക്ക് ഡീസൽ നൽകൂ എന്ന അറിയിപ്പ് ഐ.ഒ.സി.ക്ക് നൽകുന്നത്. അതിനുശേഷം കൂടിയ മന്ത്രിസഭാ യോഗത്തിൽ ഈ പ്രതിസന്ധി പരിഹരിക്കാൻ ക്രിയാത്മകമായ തീരുമാനമുണ്ടാകുമെന്ന് കേരളത്തിലെ ജനങ്ങൾ പ്രതീക്ഷിച്ചു. കേന്ദ്രത്തിൽ കത്തയക്കുക എന്ന തീരുമാനമാണ് അന്നത്തെ മന്ത്രിസഭായോഗം കൈക്കൊണ്ടത്. പത്ത് ദിവസം കഴിഞ്ഞ്, 28-ാം തീയതി മാത്രമാണ് രണ്ട് മാസത്തേയ്ക്കുള്ള സഹായം നൽകാൻ ഗവൺമെന്റ് തീരുമാനിച്ചത്. ഈ പ്രതിസന്ധി പരിഹരിക്കുന്ന കാര്യ

ത്തിൽ തികഞ്ഞ നിഷ്ക്രിയത്വമാണ് സംസ്ഥാന സർക്കാരും മാനേജ്മെന്റും കാട്ടിയത് എന്നത് കേരളത്തിലെ കെ.എസ്.ആർ.ടി.സി-യെ സ്നേഹിക്കുന്ന ജനസമൂഹത്തിനുമുന്നിൽ അങ്ങേയറ്റം പ്രതിഷേധമുയർത്തുകയാണ്. കെ.എസ്.ആർ.ടി.സി-ക്ക് പ്രതിസന്ധി എന്നും ഒരു കൂടെപ്പിറപ്പാണ്. പക്ഷേ കെ.എസ്.ആർ.ടി.സി രൂപീകരിച്ചതിനുശേഷമുണ്ടായ പ്രതിസന്ധികളിൽ ഏറ്റവും രൂക്ഷമായ പ്രതിസന്ധിയുടെ കാലഘട്ടത്തിലൂടെയാണ് ഈ സ്ഥാപനം ഇന്ന് കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. ഈ പ്രതിസന്ധി എന്നു പറയുന്നത് കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന നയസമീപനങ്ങളുടെ ഒരു ഉല്പന്നമാണ്. രാഷ്ട്രത്തിന്റെ സാമ്പത്തിക മേഖലയിൽ 1991 മുതൽ നടപ്പിലാക്കി വരുന്ന നയവ്യതിയാനംമൂലം സമസ്ത മേഖലകളിൽനിന്നും സബ്സിഡി എടുത്തുകളഞ്ഞുകൊണ്ടിരിക്കുകയാണ്. കാർഷിക സബ്സിഡി, റേഷൻ സബ്സിഡി, പാചക വാതക സബ്സിഡി, എണ്ണയ്ക്കുള്ള സബ്സിഡി തുടങ്ങിയവയൊക്കെ വേണ്ടെന്നു വച്ചു. പ്രത്യുല്പാദനപരമായ ചെലവുകൾ വേണ്ടെന്നുള്ള ഡോ. മൻമോഹൻ സിംഗിന്റെ സിദ്ധാന്തം നടപ്പിലാക്കുന്നതു കൊണ്ടാണ്  ഈ പൊതുമേഖലാ സ്ഥാപനം ഇന്ന് പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുന്നത്. ക്ഷേമപദ്ധതികൾ വേണ്ടെന്നുവച്ചു, പെൻഷൻ ഒഴിവാക്കി പങ്കാളിത്ത പെൻഷനിലേയ്ക്ക് പോകുന്നു. ഇന്ത്യയുടെ ഭാഗമായ കേരളത്തിൽ ഈ നയങ്ങൾ ശ്രീ. ഉമ്മൻ ചാണ്ടിയുടെ സർക്കാർ വന്നതിനുശേഷം ഏറ്റവും ശക്തമായി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഡോ. മൻമോഹൻ സിംഗ് സർക്കാർ നടപ്പിലാക്കിവരുന്ന ജനവിരുദ്ധനയങ്ങളിൽ ഏറ്റവും അവസാനത്തെ നടപടിയാണ് ഡീസലിന്റെ സബ്സിഡി എടുത്തുകളയാനുള്ള തീരുമാനം. ഡീസലിന്റെ വില നിർണ്ണയിക്കാനുള്ള പരിപൂർണ്ണ

അവകാശം എണ്ണ ഉല്പാദിപ്പിക്കുന്ന കമ്പനികൾക്ക് നൽകിക്കഴിഞ്ഞു. പെട്രോളിന്റെ വില നിർണ്ണയിക്കാനുള്ള അവകാശം കഴിഞ്ഞ കുറെ മാസങ്ങളായി എണ്ണക്കമ്പനികൾക്കാണ്. ഇപ്പോൾ ഡീസലിന്റെ വില നിർണ്ണയാവകാശവും എണ്ണക്കമ്പനികൾക്ക് നൽകി. എല്ലാ മാസവും ഡീസലിന് 50 പൈസ വർദ്ധിപ്പിക്കാൻ പ്രധാനമന്ത്രി തന്നെ നിർദ്ദേശം കൊടുത്തിരിക്കുകയാണ്. പ്രധാനമന്ത്രിയുടെ ലക്ഷ്യമെന്താണ്? ചരിത്രത്തിൽ റെക്കോർഡ് സ്ഥാപിക്കാനാണ് പ്രധാനമന്ത്രി ആഗ്രഹിക്കുന്നത്. ബഹുരാഷ്ട്രകുത്തകകളെ/സ്വകാര്യ ഏജൻസികളെ ഏറ്റവുമധികം സഹായിച്ച ഇന്ത്യയുടെ പ്രധാനമന്ത്രി ആരാണെന്ന് ചോദിച്ചാൽ വരുംതലമുറ ഡോ. മൻമോഹൻ സിംഗാണെന്ന് ഏകകണ്ഠമായി പറയുന്ന അവസ്ഥ ഇപ്പോൾതന്നെയുണ്ട്. ആ റിക്കോർഡ് ആരും ഭേദിക്കാത്തതരത്തിലേയ്ക്ക് കൊണ്ടെത്തിക്കാനുള്ള ശ്രമത്തിലാണ് ഇന്ത്യയുടെ പ്രധാനമന്ത്രി നീങ്ങിക്കൊണ്ടിരിക്കുന്നത്. അതാണ് ഈ പ്രതിസന്ധിയുടെ മൂലകാരണം. അത് നമുക്ക് മറക്കാൻ കഴിയില്ല. എല്ലാ മാസവും 50 പൈസ ഡീസലിന് വില വർദ്ധിക്കുമ്പോൾ 12 രൂപ വർദ്ധിക്കണമെങ്കിൽ 24 മാസം കഴിയണം. 24 മാസം കെ.എസ്.ആർ.ടി.സി എന്ന സ്ഥാപനം പ്രവർത്തിച്ചാലോ, അത് ഇപ്പോൾ തകരേണ്ടതല്ലെ, അതുകൊണ്ട് ഡീസലിന്റെ വില 50 പൈസ വീതം എല്ലാ മാസവും വർദ്ധിക്കുമ്പോൾ കെ.എസ്.ആർ. ടി.സി ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് നൽകുന്ന ഡീസലിന്റെ വില ഒറ്റയടിക്ക് വർദ്ധിക്കണം. അതാണ് ബൾക്ക് പർച്ചേസിന് മുഴുവൻ സബ്സിഡിയും ഒഴിവാക്കാനുള്ള തീരുമാനം. കെ.എസ്.ആർ.ടി.സി ഉൾപ്പെടെ സ്ഥാപനങ്ങൾ പലതുമുണ്ടാകും. കൂടുതൽ വാങ്ങുന്നവർക്ക് കുറഞ്ഞ

വിലയ്ക്ക് നൽകുക എന്ന സാർവ്വദേശീയമായി അംഗീകരിച്ചിരിക്കുന്ന കച്ചവട തത്വത്തിന് വിപരീതമായി ഇവിടെ കൂടുതൽ വാങ്ങുന്നവർ കൂടിയ വില കൊടുക്കണമെന്ന് തീരുമാനമുണ്ടായിരിക്കുന്നു. ഭരണ നിർവ്വഹണത്തിന് ഒരു തത്വമില്ലേ? പൊതുമേഖലയും സ്വകാര്യമേഖലയും തമ്മിൽ ഒരു മത്സരമു ണ്ടാകുമ്പോൾ ഭരണകൂടം പൊതുമേഖലയെയല്ലേ സഹായിക്കേണ്ടത്. ഇവിടെ പൊതുമേഖലയും സ്വകാര്യമേഖലയും തമ്മിൽ മത്സരമുള്ളിടത്ത് ഭരണകൂടം സ്വകാര്യമേഖലയെ സഹായിക്കുന്നു. ‘ഇവിടെ പണം കായ്ക്കുന്ന മരം ഇല്ല’ എന്നാണ് നമ്മുടെ പ്രധാനമന്ത്രി പറയുന്നത്. അഞ്ച് ലക്ഷത്തി ഇരു പത്തിയെട്ടായിരം കോടി രൂപയുടെ നികുതിയിളവ് കോർപ്പറേറ്റുകൾക്ക് നൽകിയിരിക്കുന്നു. കേന്ദ്ര ബഡ്ജറ്റിന്റെ 1.7 ശതമാനം മാത്രമാണ് സബ്സിഡിയെങ്കിൽ കേന്ദ്ര ബഡ്ജറ്റിലെ രണ്ട് ശതമാനം കോർപ്പറേറ്റുകൾക്ക് ഇളവ് കൊടുക്കാൻ പണം കണ്ടെത്തിയ ഗവൺമെന്റാണിത്. കെ.എസ്.ആർ. ടി.സി പോലൊരു പൊതുമേഖലാ സ്ഥാപനത്തോട് ഈ നയം സ്വീകരി ക്കാമോ? പൊതുമേഖലാ സ്ഥാപനങ്ങൾക്കിപ്പോൾ എണ്ണ കൊടുത്തുകൊണ്ടി രിക്കുന്നത് ഐ.ഒ.സി, ബി.പി.സി, ഹിന്ദുസ്ഥാൻ പെട്രോളിയം തുടങ്ങിയ കമ്പ നികളാണ്. ഐ.ഒ.സി. 78 ശതമാനവും ഭാരത് പെട്രോളിയം 13 ശതമാനവും ഹിന്ദുസ്ഥാൻ പെട്രോളിയം 9 ശതാമാനവുമാണ് കൊടുക്കുന്നത്. അവിടേയ്ക്ക് റിലയൻസ് പോലുള്ള സ്വകാര്യ എണ്ണക്കമ്പനികൾക്ക് കടന്നുവ രാനുള്ള സാഹചര്യം ഒരുക്കിക്കൊടുക്കുന്ന തീരുമാനമാണ് കേന്ദ്ര ഗവൺമെന്റ് എടുത്തിരിക്കുന്നത്. ഈ നയമാണ് അടിസ്ഥാനപരമായി തിരുത്തപ്പെടേണ്ടത്. പക്ഷേ ഈ നയം തിരുത്തുന്നതുവരെ കാത്തിരിക്കാൻ കഴിയില്ല. കേന്ദ്രം ഈ നയം തിരുത്തുമെന്ന് ന്യായമായി നമുക്ക് പ്രതീക്ഷി

ക്കാൻ കഴിയില്ല കാരണം 20 കൊല്ലമായി ഇന്ത്യയിൽ നടപ്പിലാക്കാൻ തുടങ്ങിയ നയത്തിന്റെ ഏറ്റവും അവസാനത്തെ ഒരു ഉദാഹരണം മാത്രമാണിത്. കേരളത്തിലെ സ്വകാര്യ ബസുകൾ 50 രൂപ 30 പൈസയ്ക്ക് ഡീസൽ വാങ്ങുമ്പോൾ കെ.എസ്.ആർ.ടി.സി 61 രൂപ 73 പൈസയ്ക്ക് ഡീസൽ വാങ്ങണം. ഇത് എന്ത് ന്യായമാണ്? നാലര ലക്ഷം ലിറ്റർ ഡീസൽ കെ.എസ്.ആർ.ടിസി-ക്ക് ഒരു ദിവസം ആവശ്യമുണ്ട്. പ്രതിമാസം അധിക ബാധ്യത 16 കോടി രൂപയാണ്. സ്വകാര്യ ബസുകൾ നഷ്ടമുള്ള റൂട്ടുകളിൽ സർവീസ് നടത്താറില്ല. പക്ഷേ കെ.എസ്.ആർ.ടി.സി ഒരു സേവനപരമായ ദൗത്യംകൂടി സംസ്ഥാനത്ത് നിർവ്വഹിക്കുന്നു. കെ.എസ്.ആർ.ടി.സി ബസുകൾ നഷ്ടത്തിലാണെങ്കിലും, സ്വകാര്യ ബസുകൾ സർവീസ് നടത്താത്ത റൂട്ടുകളിൽ അവിടെയുള്ള ജനങ്ങളുടെ താല്പര്യങ്ങൾകൂടി പരിഗണിച്ചുകൊണ്ട് കെ.എസ്.ആർ.ടി.സി-ക്ക് സർവീസ് നടത്തേണ്ടി വരുന്നു. ലാഭകരമായ റൂട്ടുകൾ മാത്രം തെരഞ്ഞെടുത്ത് വാഹനമോടിക്കുന്ന സ്വകാര്യ ബസുകൾക്ക് ഡീസൽ 50 രൂപയ്ക്കും നഷ്ടമുള്ള സർവ്വീസുകൾ ഉൾപ്പെടെയുള്ള സർവ്വീസുകൾ നടത്തുകയും റിട്ടയർ ചെയ്യുന്നവർക്ക് പെൻഷൻ കൊടുക്കുകയും ചെയ്യുന്ന കെ.എസ്.ആർ.ടി.സി 61.75 രൂപയും കൊടുക്കണമെന്ന ഭ്രാന്തൻനയം കേരളത്തിൽ നടപ്പിലാക്കുകയാണ്. അവിടെയാണ് പ്രശ്നം. 18-ാം തീയതിയാണ് ഈ തീരുമാനം ഐ.ഒ.സി-യെ അറിയിക്കുന്നത്. മന്ത്രിസഭാ യോഗം കൂടി കത്തെഴുതാനാണ് ഈ ഗവൺമെന്റ് തീരുമാനിച്ചത്. ഷെഡ്യൂളുകൾ വെട്ടിക്കുറച്ചില്ല എന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുമായിരിക്കും. ഷെഡ്യൂളുകൾ വെട്ടിക്കുറയ്ക്കാൻ മന്ത്രിതലത്തിലെടുത്ത തീരുമാനം ഔദ്യോഗികമായി രേഖപ്പെ

ടുത്തിയിട്ടില്ലായിരിക്കും. പക്ഷേ നാട്ടിലെ സ്ഥിതി എന്താണ്? 1762 ഷെഡ്യൂളുകൾ റദ്ദ് ചെയ്യാനുള്ള നിർദ്ദേശമാണ് കെ.എസ്.ആർ.ടി.സി മാനേജ്മെന്റ് ഗവൺമെന്റിനുമുന്നിൽ വച്ചത്. കണക്കുകൾ ഉണ്ട്, ഉദാഹരണങ്ങൾ പറയാം. 2013 ജനുവരി മാസം 7-ാം തീയതി, ഈ സംസ്ഥാനത്തെ ജീവനക്കാർ സമരം ആരംഭിക്കുന്നതിന്റെ തലേദിവസം, ഓപ്പറേറ്റ് ചെയ്ത ഷെഡ്യൂളുകളുടെ എണ്ണം 5175-ഉം ഓപ്പറേറ്റ് ചെയ്ത കിലോമീറ്റർ 1625179-ഉം അന്നത്തെ കളക്ഷൻ 642,48,828-ഉം ആണ്. എല്ലാ ദിവസവും ഇത്രയും കളക്ഷൻ ലഭിക്കില്ലെന്ന് എനിക്കറിയാം. ഈ പ്രതിസന്ധി ഉണ്ടായതിനുശേഷം, 24-01-2013-ൽ 5175 ബസുകൾ ഓപ്പറേറ്റ് ചെയ്തിരുന്ന സ്ഥാനത്ത് അന്ന് ഓപ്പറേറ്റ് ചെയ്തത് 4456-ഉം 1625000 കിലോമീറ്റർ ഓപ്പറേറ്റ് ചെയ്ത സ്ഥാനത്ത് അന്ന് ഓപ്പറേറ്റ് ചെയ്തത് 1400042-ഉം ആണ്. 7-ാം തീയതി ആറ് കോടി നാൽപ്പത്തിരണ്ട് ലക്ഷം രൂപ വരുമാനം കിട്ടിയപ്പോൾ 24-ാം തീയതി കിട്ടിയ വരുമാനം 4 കോടി രണ്ട് ലക്ഷമാണ്. എന്നിട്ടും ഷെഡ്യൂളുകൾ വെട്ടിക്കുറച്ചില്ല. വരുമാനം കുറഞ്ഞില്ല എന്ന് പറഞ്ഞിട്ട് കാര്യമുണ്ടോ? എന്റെ കൈയിൽ ഇന്നലത്തെയും മിനിഞ്ഞാന്നത്തെയും കണക്കുകളുണ്ട്. ഞായറാഴ്ച ദിവസം ആകെ ഷെഡ്യൂൾ ചെയ്ത കിലോമീറ്ററിൽ ഓപ്പറേറ്റ് ചെയ്തിരിക്കുന്നത് 72.9 ശതമാനം മാത്രമാണ്. അന്നത്തെ കളക്ഷൻ 4 കോടി 24 ലക്ഷമാണ്.

തിങ്കളാഴ്ച ദിവസം ആകെ ഷെഡ്യൂൾ ചെയ്തിരിക്കുന്ന കിലോമീറ്റർ ഓപ്പറേറ്റ് ചെയ്തിരിക്കുന്നത് 79.28 ശതമാനം മാത്രമാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഭരിക്കുമ്പോൾ എല്ലാ ദിവസവും 100 ശതമാനം ഷെഡ്യൂൾ ഓപ്പറേറ്റ് ചെയ്തെന്ന് ഞങ്ങൾ പറയുന്നില്ല. പക്ഷേ, ശരാശരി 90–91 ശതമാനം ഷെഡ്യൂൾ ഓപ്പറേറ്റ് ചെയ്തിരുന്ന സ്ഥാനത്ത് ഇന്ന് 73–74 ശതമാനമായി ഷെഡ്യൂൾ കിലോമീറ്റർ ഓപ്പറേഷൻ കുറഞ്ഞിരിക്കുന്നു. അതുകൊണ്ട് തന്നെ വരുമാനവും കുറഞ്ഞിരിക്കുന്നു. ഈ ഗവൺമെന്റ്, മാനേജ്മെന്റ് അടിസ്ഥാനപരമായി സ്വീകരിച്ച നിലപാട് പരിമിതപ്പെടുത്തുകയെന്നുള്ളതാണ്. ഷെഡ്യൂൾ വെട്ടിക്കുറച്ചുകൊണ്ട് പ്രതിസന്ധി പരിഹരിക്കാനാണ് സർക്കാർ ശ്രമിച്ചത്. തലവെട്ടിക്കളഞ്ഞ് തലവേദന മാറ്റാൻ ശ്രമിക്കുന്നതുപോലെയാണ് സർക്കാർ പ്രവർത്തിച്ചത്. എല്ലാ മാധ്യമങ്ങളും അതിനെ വിമർശിച്ചില്ലേ. കെ.എസ്.ആർ.ടി.സി. എന്നുപറയുമ്പോൾ ആദ്യം മുമ്പിൽ എത്തുന്നതെന്താണ്; പ്രതിദിനം കെ.എസ്.ആർ.ടി.സി.യിൽ യാത്ര ചെയ്യുന്ന 40 ലക്ഷം യാത്രക്കാർ. അവർ പ്രധാനപ്പെട്ടവരാണ്. രണ്ടാമതായി കെ.എസ്.ആർ.ടി.സി.യെ ആശ്രയിച്ചുകഴിയുന്ന 42000 ജീവനക്കാരും 37000 പെൻഷൻകാരും. കെ.എസ്.ആർ.ടി.സി. എന്ന സ്ഥാപനത്തിന് ഒരുപക്ഷേ ജീവനും ആത്മാവും ഇല്ലായിരിക്കാം. പക്ഷേ, കേരളത്തിൽ പൊതുജീവിതത്തിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി. മാറിയിരിക്കുകയാണ്. ഈ 40 ലക്ഷം യാത്രക്കാരുടെ താൽപ്പര്യങ്ങളും 42000 ജീവനക്കാരുടെയും പെൻഷൻകാരുടെയും താൽപ്പര്യങ്ങളും സ്ഥാപനത്തിന്റെ താൽപ്പര്യങ്ങളുമെല്ലാം ബലികഴിച്ചുകൊണ്ട് ഷെഡ്യൂൾ വെട്ടിക്കുറച്ചതുകൊണ്ട് ആർക്കാണ് പ്രയോജനം ഉണ്ടായത്. ഷെഡ്യൂൾ വെട്ടിക്കുറച്ചതുകൊണ്ട് യാത്രാദുരിതം

വർദ്ധിച്ചു, ജനം പെരുവഴിയിലായി. ജീവനക്കാർ ആശങ്കയിലാവുകയും അവരുടെ ആത്മവിശ്വാസം തകരുകയും ചെയ്തില്ലേ. കെ.എസ്.ആർ.ടി.സി. യുടെ വിശ്വാസ്യതയ്ക്ക് കോട്ടം വന്നില്ലേ. സ്വകാര്യമേഖലയും പൊതുമേഖ ലയും തമ്മിലുള്ള മത്സരത്തിൽ സ്വകാര്യമേഖലയ്ക്ക് മേൽക്കൈ വന്നില്ലേ. ഈ സംസ്ഥാനത്ത് അനധികൃതമായ പാരലൽ സർവ്വീസുകൾ പെരുകിയില്ലേ; ഈ അവസരം ഉപയോഗിച്ചുകൊണ്ട് മംഗലപുരം അടക്കമുള്ള റൂട്ടുകളിൽ സ്വകാര്യ പെർമിറ്റുകൾ കൊടുക്കാനുള്ള നടപടിയുണ്ടായില്ലേ; ഇത്തരത്തിലാ യിരുന്നോ ഗവൺമെന്റ് ഇതിനെ സമീപിക്കേണ്ടിയിരുന്നത്. പഞ്ചാബിൽ എന്താണ് ചെയ്തത്? കുറഞ്ഞ വിലയ്ക്ക് ഡീസൽ കൊടുക്കാൻ തയ്യാറുള്ളവ രിൽ നിന്ന് ഡീസൽ വാങ്ങാൻ പഞ്ചാബ് സംസ്ഥാനം തയ്യാറായി. ആ നിർദ്ദേശം മുന്നോട്ടുവച്ചത് യു.ഡി.എഫ്. നേതാവും മുൻ ഗതാഗത വകുപ്പുമ ന്ത്രിയുമായ ശ്രീ. ആർ. ബാലകൃഷ്ണ പിള്ളയാണ്. അദ്ദേഹത്തിന്റെ രാഷ്ട്രീ യത്തെ ഞങ്ങൾ അംഗീകരിക്കുന്നില്ല. അദ്ദേഹം പഞ്ചാബ് മോഡൽ പറഞ്ഞു വെന്നും ഞാൻ പറയുന്നില്ല. കുറഞ്ഞ വിലയ്ക്ക് ഡീസൽ നൽകാൻ ഇവി ടത്തെ പമ്പുകൾ തയ്യാറായിരിക്കുകയാണ്. സിവിൽ സപ്ലൈസിന്റെ ഔട്ട്ലെറ്റു കൾ വഴി കുറഞ്ഞ വിലയ്ക്ക് ഡീസൽ നൽകാമെന്ന് ഭക്ഷ്യ സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. അനൂപ് ജേക്കബ് പറയുമ്പോൾ അതൊന്നും വേണ്ട, ഞങ്ങൾ കൂടിയ വിലയ്ക്ക് വാങ്ങും അല്ലെങ്കിൽ വണ്ടി ഓടിക്കില്ലെന്ന ഭ്രാന്തൻ നയം സ്വീകരിച്ച മാനേജ്മെന്റും ഗവൺമെന്റുമാണ് ഈ പ്രതിസന്ധി രൂക്ഷമായ തിന്റെ ഉത്തരവാദികൾ. എങ്ങനെയാണ് ഓരോ സംസ്ഥാനവും ഈ പ്രശ്നം പരിഹരിക്കാൻ ശ്രമിച്ചത്. കെ.എസ്.ആർ.ടി.സി. ബസ്സുകൾ 5870. പ്രതിമാസ

അധിക ബാദ്ധ്യത 15 കോടി രൂപയും. സർക്കാർ 2 മാസത്തേയ്ക്ക് 14 കോടി രൂപ വീതം കെ.എസ്.ആർ.ടി.സി.-ക്ക് കൊടുക്കും. തമിഴ്നാട്ടിൽ ആകെ ബസ്സുകൾ 22300. ഡീസൽ വിലവർദ്ധനവുമൂലം ഉണ്ടാകുന്ന അധികബാദ്ധ്യത 58 കോടി രൂപയും സർക്കാർ കൊടുക്കുന്ന സഹായം 200 കോടി രൂപയുമാണ്. ആന്ധ്രാപ്രദേശിൽ ബസ്സുകൾ 22000. പുതിയ തീരുമാനം മൂലമുള്ള അധിക ബാദ്ധ്യത 36 കോടി രൂപയാണ്. 2800 കോടി രൂപ സർക്കാർ സഹായം നൽകാൻ ആലോചിച്ചുകൊണ്ടിരിക്കുകയാണ്. കർണ്ണാടക ട്രാൻസ്പോർട്ട് കോർപ്പറേഷൻ ബസ്സുകൾ 14400. അധികബാദ്ധ്യത 25 കോടി രൂപ. അവിടെ സ്വീകരിക്കുന്ന മാർഗ്ഗം ഇവിടെ സ്വീകരിക്കരുത്. കർണ്ണാടകയിൽ യാത്രാനിരക്ക് വർദ്ധിപ്പിക്കാൻ ആലോചിച്ചുകൊണ്ടിരിക്കുകയാണ്. ഇത്തരം സംസ്ഥാനങ്ങളിൽ തികഞ്ഞ ആർജ്ജവത്തോടെ നടപടി സ്വീകരിക്കാൻ ആ സംസ്ഥാനങ്ങളിലെ ഗവൺമെന്റുകൾ തയ്യാറായപ്പോൾ, പുറത്തുനിന്നും കുറഞ്ഞ വിലയ്ക്ക് ഡീസൽ വാങ്ങി പൊതുമേഖലാ സ്ഥാപന ഗതാഗത സംരംഭങ്ങളുടെ മുഴുവൻ ഷെഡ്യൂളുകളും ഓപ്പറേറ്റ് ചെയ്യാൻ തീരുമാനിച്ചപ്പോൾ ഇവിടെ ഷെഡ്യൂളുകൾ വെട്ടിക്കുറയ്ക്കാനുള്ള ഉപദേശം ഗവൺമെന്റിനും ബഹുമാനപ്പെട്ട മന്ത്രിക്കും മാനേജ്മെന്റിനും ആരാണ് കൊടുത്തത്. അതുണ്ടാക്കിയ പ്രശ്നങ്ങൾ ചെറുതല്ല. കേരളത്തിലെ ബൾക്ക് പർച്ചേസർ എന്നുപറയുന്നത് ഗവൺമെന്റല്ലേ. വൻകിട ഉപഭോക്താവല്ലേ ഗവൺമെന്റ്. സെക്രട്ടറിയേറ്റിലെയും കളക്ടറേറ്റിലെയും വിവിധ വകുപ്പുകളുടെയും വാഹനങ്ങൾക്കെല്ലാം സബ്സിഡി നിരക്കിൽ ഡീസൽ കിട്ടുന്നത് എന്തുകൊണ്ടാണ്? അവർ വികേന്ദ്രീകൃതമായി ഡീസൽ ശേഖരിക്കുന്നു. വികേന്ദ്രീകൃതമായി ഗവൺമെന്റ് സെക്രട്ടറിയേറ്റിലെയും കളക്ടറേറ്റിലെയും

വിവിധ വകുപ്പുകളുടെയും വാഹനങ്ങൾക്ക് കുറഞ്ഞ നിരക്കിൽ ഡീസൽ ശേഖരിക്കാൻ കഴിയുമെങ്കിൽ നിലനിൽപ്പിന് ബുദ്ധിമുട്ടുന്ന കെ.എസ്.ആർ.ടി.സി.-ക്ക് എന്തുകൊണ്ട് കുറഞ്ഞ നിരക്കിൽ ഡീസൽ വാങ്ങാൻ കഴിയില്ല. അതിന് പ്രായോഗിക ബുദ്ധിമുട്ട് ഉണ്ടെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്. എന്താണ് പ്രായോഗിക ബുദ്ധിമുട്ട്? ജീവനക്കാർ മോഷ്ടിക്കുമോ? ഈ സ്ഥാപനം നിലനിൽക്കണമെന്ന് പറയുന്നത് യാത്രക്കാർക്കും നമുക്കുമുള്ളതിനെക്കാൾ ഒരുപക്ഷേ, ഒരുപടികൂടി കൂടുതൽ താൽപ്പര്യം കെ.എസ്.ആർ.ടി.സി. ജീവനക്കാർക്കില്ലേ. തികഞ്ഞ കർക്കശ നിബന്ധനയോടുകൂടി ജീവനക്കാരെ, ഭരണ-പ്രതിപക്ഷ യൂണിയനിലെ ആളുകളെ വിശ്വാസത്തിലെടുത്തുകൊണ്ട് കുറഞ്ഞ വിലയ്ക്ക് ഡീസൽ ശേഖരിക്കേണ്ടിയിരുന്നു. പക്ഷേ, അങ്ങനെ ഡീസൽ ശേഖരിച്ചില്ല. 10 ദിവസത്തിനുശേഷം 28-1-2013-ലെ ക്യാബിനറ്റിലാണ് രണ്ടുമാസത്തേയ്ക്ക് 28 കോടി രൂപ കെ.എസ്.ആർ.ടി.സി.-ക്ക് കൊടുക്കാമെന്ന് തീരുമാനിക്കുന്നത്. മരണാസന്നനായി കിടക്കുന്ന രോഗി 10 ദിവസം കഴിഞ്ഞിട്ടും മരിച്ചില്ലെന്ന് കണ്ടപ്പോൾ മെഡിക്കൽ ബോർഡ് കൂടി  രോഗിയെ വെന്റിലേറ്ററിലേയ്ക്ക് മാറ്റാമെന്ന് തീരുമാനിച്ചതുപോലെയായിരുന്നു ക്യാബിനറ്റ് തീരുമാനം. ഈ പറഞ്ഞ രൂപ കൊടുത്തോ? ‘State assistance yet to reach K.S.R.T.C.’ എന്നാണ് ഇന്നത്തെ ഹിന്ദു പത്രത്തിൽ കൊടുത്തിരിക്കുന്നത്. ഇതുവരെ 28 കോടി രൂപ കൊടുക്കുന്നത് സംബന്ധിച്ച് ആലോചനയുണ്ടായിട്ടില്ല. 28 കോടി രൂപ കൊടുത്തുവെന്ന് വിചാരിക്കുക. ഈ രൂപയുടെ പ്രയോജനം ആർക്കാണ് കിട്ടുന്നത്? സംസ്ഥാന ഖജനാവിൽ നിന്ന് 28 കോടി രൂപ പിൻവലിക്കപ്പെടുന്നു. ആ പണം ചെന്നെത്തുന്നത് ഐ.ഒ.സി. എന്ന കമ്പനിക്കാണ്. കെ.എസ്.ആർ.ടി.

സി.-ക്ക് അതിന്റെ സഹായം നേരിട്ട് കിട്ടുന്നില്ല. ഐ.ഒ.സി.യുടെ റീട്ടെയിൽ പമ്പുകളിൽ നിന്നുപോലും കുറഞ്ഞ വിലയ്ക്ക് ഡീസൽ വാങ്ങാൻ കഴിയു മ്പോൾ കൂടുതൽ വില സംസ്ഥാനത്തിന്റെ ഖജനാവിൽ നിന്ന് ഐ.ഒ.സി. എന്ന കമ്പനിക്ക് കൊടുക്കുകയാണ്. രണ്ടുമാസം കഴിയുമ്പോൾ എന്തുസംഭ വിക്കും? രണ്ടുമാസം കഴിയുമ്പോഴും ഈ പ്രശ്നം നിലനിൽക്കുകയില്ലേ. ബഹുമാനപ്പെട്ട മന്ത്രി ഡൽഹിക്കുപ്പോയി. മന്ത്രി ചെല്ലുന്നുവെന്നറിഞ്ഞ് ശ്രീ. വീരപ്പമൊയ്ലി അമേരിക്കയിലേയ്ക്ക് പോയതാണോ, അതോ ശ്രീ. വീരപ്പ മൊയ്ലി അമേരിക്കയിലേയ്ക്ക് പോയ സമയം നോക്കി മന്ത്രി ഡൽഹിക്ക് പോയതാണോ എന്നെനിക്കറിയില്ല. ഏതായാലും അങ്ങേയ്ക്ക് ധനകാര്യ വകുപ്പുമന്ത്രിയെ നേരിട്ട് ബന്ധപ്പെടാൻ കഴിഞ്ഞില്ല, ഫോണിൽ കൂടിയാണ് ബന്ധപ്പെട്ടത്. അതിന് ഡൽഹി വരെ പോകണമായിരുന്നോ; തിരുവനന്തപു രത്ത് അങ്ങയുടെ ആഫീസിൽ നിന്ന് ഫോൺ വിളിച്ചാൽ കേന്ദ്ര ധനകാര്യവ കുപ്പുമന്ത്രിയോട് സംസാരിക്കാമായിരുന്നില്ലേ. ഇവിടെ തൊഴിലാളികളെ വിശ്വാസത്തിലെടുക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഉള്ള സംവിധാനങ്ങളെല്ലാം ഉപ യുക്തമാക്കുന്ന നിലപാട് സംസ്ഥാന സർക്കാരിനുണ്ടോ; നിലവിലുള്ള ഡിപ്പോകളേയും ബസ്സുകളേയും ജീവനക്കാരേയും ഗ്യാരേജുകളേയും വർക്ക്ഷോപ്പുകളേയും മുഴുവൻ പരമാവധി ഉപയുക്തമാക്കാനുള്ള നിലപാട് സംസ്ഥാന സർക്കാർ സ്വീകരിക്കുമോ? ബോഡി നിർമ്മാണത്തിൽ നമ്മൾ പുറകിലോട്ട് പോയി. ഗ്യാരേജ് വർക്ക്ഷോപ്പുകൾ എല്ലാം ഉറങ്ങുന്ന അവസ്ഥ യിലാണ്. ഇത് പ്രതിസന്ധി രൂക്ഷമാക്കുകയേയുള്ളൂ. 2006-ൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ കേരള ത്തിന്റെ ഗതാഗത മേഖലയിൽ 13 ശതമാനം മാത്രമായിരുന്നു കെ.എസ്.ആർ.

ടി.സി. ബസ്സുകൾ. 2011-ൽ ഭരണംവിട്ടുപോകുമ്പോൾ 27 ശതമാനമായി വർദ്ധിപ്പിച്ച ഗവൺമെന്റാണ് അന്നത്തെ ഗവൺമെന്റ്. 2006-ൽ ഒരു ദിവസം 11 ലക്ഷം കിലോമീറ്റർ മാത്രമായിരുന്നത് 2011-ൽ 17 ലക്ഷം കിലോമീറ്ററും ഇന്ന് 18 ലക്ഷം കിലോമീറ്ററുമായി. വളർച്ചയുടെ വാതിലിൽ ത്വരിത വികസനം മാത്രമാണ് ഇതിനുള്ള പോംവഴി. മറിച്ചുള്ള നിലപാട് അപകടം ചെയ്യും. 139 പുതിയ ബസ്സുകളാണ് നമ്മുടെ വർക്ക്ഷോപ്പുകളിൽ എടുത്തിട്ടിരിക്കുന്നത്. സെൻട്രൽ വർക്ക്ഷോപ്പിൽ 37-ഉം മാവേലിക്കര റീജിയണൽ വർക്ക്ഷോപ്പിൽ 43-ഉം ആലുവ റീജിയണൽ വർക്ക്ഷോപ്പിൽ 36-ഉം എടപ്പാൾ റീജിയണൽ വർക്ക്ഷോപ്പിൽ 13-ഉം കോഴിക്കോട് വർക്ക്ഷോപ്പിൽ 10-ഉം ഉൾപ്പെടെ 139 പുത്തൻ പുതിയ ബസ്സുകൾ ആരും കാണാതെ ഒളിപ്പിച്ചിട്ടിരിക്കുന്നത് ഇന്നലത്തെ മാതൃഭൂമി പത്രത്തിൽ വന്നതിന്റെ സി.ഡി. യാണിത്. **(സി.ഡി. ഉയർത്തി കാണിച്ചു)** അങ്ങ് അനുവദിച്ചാൽ ഇത് ഞാൻ മേശപ്പുറത്ത് വയ്ക്കാം. അനുവദിക്കാതെ മേശപ്പുറത്ത് വയ്ക്കാൻ കഴിയില്ല.

മി. സ്പീക്കർ : അതിരിക്കട്ടെ, അങ്ങ് സംസാരിക്കൂ.

ശ്രീ. മാത്യു റ്റി. തോമസ് : കെ.എസ്.ആർ.ടി.സി.യുടെ സജ്ജമായ 139 ബസ്സുകൾ ഓടിക്കാതെ ഒളിപ്പിച്ചിട്ടിരിക്കുവെന്നാണ് പത്രത്തിൽ എഴുതിയിരിക്കുന്നത്. ഇവിടെ അത്യാവശ്യമായ അടിസ്ഥാനപരമായ കാഴ്ചപ്പാടുണ്ടാകണം. ഇതു പറഞ്ഞതുകൊണ്ട് പ്രതിസന്ധി അവസാനിക്കില്ല. പെൻഷൻ അടക്കമുള്ള സർവ്വീസ് ഇതര ചെലവുകൾക്ക് സർവ്വീസ് ഇതര വരുമാനമുണ്ടാകണമെന്നതാണ് കെ.എസ്.ആർ.ടി.സി. യുടെ അടിയന്തരാവശ്യം. പക്ഷേ, നിലവിലിരിക്കുന്ന സംവിധാനങ്ങളും നമ്മുടെ കയ്യിൽ ലഭ്യമായ മുഴുവൻ സജ്ജീ

കരണങ്ങളും പരമാവധി ഉപയോഗിക്കാൻ തൊഴിലാളികളെ വിശ്വാസത്തിലെടുക്കണം. ഇതുവരെ ഈ പ്രതിസന്ധി ചർച്ച ചെയ്യാൻ അംഗീകൃത ട്രേഡ് യൂണിയനുകളേയോ അല്ലെങ്കിൽ രജിസ്റ്റേർഡ് ട്രേഡ് യൂണിയനുകളെ മൊത്തമായോ വിളിച്ചുകൂട്ടാൻ ഈ ഗവൺമെന്റ് തയ്യാറായിട്ടില്ല. അതുകൊണ്ട് തൊഴിലാളികളെ വിശ്വാസത്തിലെടുത്തുകാണ്ട് ത്വരിതവികസനമെന്ന കാഴ്ചപ്പാടോടുകൂടി കുറഞ്ഞ വിലയ്ക്ക് ഡീസൽ ലഭ്യമാക്കി, ഒരു സർവ്വീസ് പോലും വെട്ടിക്കുറയ്ക്കാതെ 40 ലക്ഷം ജനങ്ങൾ ആശ്രയിക്കുന്ന കെ.എസ്. ആർ.ടി.സി.യെ വളർത്തി വലുതാക്കാനുള്ള സമീപനം സ്വീകരിക്കാൻ ഈ ഗവൺമെന്റ് തയ്യാറാകണം. ഇക്കാര്യത്തിൽ സർവ്വകക്ഷിയെങ്കിൽ സർവ്വകക്ഷി, കേന്ദ്രത്തിനുമേൽ മതിയായ, ശക്തമായ, ഫലപ്രദമായ സമ്മർദ്ദം ചെലുത്തുവാൻ നമുക്ക് ഒരുമിക്കാം. അക്കാര്യത്തിൽ അടിയന്തര നടപടി സംസ്ഥാന സർക്കാർ സ്വീകരിക്കണം. ഈ ഗുരുതരമായ സ്ഥിതി വിശേഷം ചർച്ച ചെയ്യാൻ സഭാനടപടികൾ നിറുത്തിവയ്ക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

## കെ.എസ്.ആർ.ടി.സി. നേരിടുന്ന പ്രതിസന്ധി

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ പല കാര്യങ്ങളും പാർലമെന്റിൽ പറയേണ്ട കാര്യങ്ങളാണ്. ഏതായാലും അക്കാര്യങ്ങൾ പറഞ്ഞ് ഞാൻ സമയം കളയുന്നില്ല. ഒരു കാര്യം മാത്രം ഞാൻ പറയുന്നു, ഇവിടെ നിഷ്ക്രിയത്വം എന്ന് ശ്രീ. മാത്യു ടി. തോമസ് പറഞ്ഞു. ഒരു കാര്യം ഞാൻ ചോദിക്കട്ടെ, അങ്ങും അങ്ങയുടെ സഹപ്രവർത്തകനും ഈ വകുപ്പ്

കൈകാര്യം ചെയ്തിരുന്നല്ലോ, ഡീസലിന്റെ വില വർദ്ധിച്ചപ്പോൾ താങ്കളുടെ സർക്കാർ പത്ത് പൈസ കൊടുത്തോ? താങ്കളുടെ സർക്കാർ ബസ് ചാർജ്ജ് വർദ്ധിപ്പിക്കുകയാണ് ചെയ്തത്. ഒരു കാര്യം ഞാൻ താങ്കളോട് പറയട്ടെ, യാതൊരു സംശയവും വേണ്ട ഈ ഗവൺമെന്റ് ഇതിന്റെ പേരിൽ ചാർജ്ജ് വർദ്ധിപ്പിക്കുന്ന പ്രശ്നമേയില്ല. അതിന് യാതൊരു സംശയവും വേണ്ട.

ഡോ. ടി. എം. തോമസ് ഐസക്: സർ, കെ.എസ്.ആർ.ടി.സി.യുടെ 135 കോടി രൂപയുടെ കട ബാദ്ധ്യത സംസ്ഥാന സർക്കാർ കൊടുത്തുവെന്നു മാത്രമല്ല, അഞ്ചാം വർഷമെത്തിയപ്പോൾ 200 കോടിയിൽപ്പരം രൂപയാണ് കെ.എസ്.ആർ.ടി.സി.ക്ക് കൊടുത്തത്.

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, അത്രയൊക്കെ ഞങ്ങളും കൊടുത്തുകഴിഞ്ഞു. ഞാൻ ആ കണക്ക് ഇവിടെ പറഞ്ഞു. എന്റെ ക്വസ്റ്റ്യൻ അതല്ല, ഡീസലിന്റെ വില വർദ്ധിപ്പിച്ചപ്പോൾ പത്ത് പൈസ താങ്കൾ കൊടുത്തോ? അന്ന് വാങ്ങാൻ കഴിയാത്ത അങ്ങ് ഇന്നിവിടെ, തീരുമാനമെടുക്കാൻ 10 ദിവസമെടുത്തു എന്നതിനെയാണ് ഞങ്ങളുടെ നിഷ്ക്രിയത്വം എന്നു പറയുന്നത്. അദ്ദേഹം പറഞ്ഞ മറ്റൊരു കാര്യം ക്യാബിനറ്റ് കൂടി എന്താണ് തീരുമാനിച്ചത്, കേന്ദ്രത്തിന് എഴുതാൻ തീരുമാനിച്ചു. 28 കോടി രൂപ കൊടുക്കാൻ 10 ദിവസമെടുത്തുവെന്ന് അവസാനം പറഞ്ഞു. കോൺട്രഡിക്ടറിയല്ലേ അത്? ഞാൻ ചോദിക്കട്ടെ, താങ്കൾക്ക് 10 പൈസ വാങ്ങാൻ സാധിച്ചോ? അന്ന് ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ഡോ. ടി. എം. തോമസ് ഐസക്, 200 കോടി രൂപ കൊടുത്തുവെന്ന് പറയുന്നു. ഞങ്ങൾ 200 കോടിയിൽപ്പരം രൂപ നൽകി. അതിനുപുറമെയാണ് 28 കോടി രൂപ നൽകുന്നത്. എന്തെങ്കിലും വേണമെങ്കിൽ ഇനിയും നൽകും. അതിനൊക്കെ തയ്യാറുള്ള ധനകാര്യമന്ത്രി

യാണ് ഉള്ളത്. ഒരുകാര്യം ഞാൻ അങ്ങയോട് പറയട്ടെ, അങ്ങ് പറഞ്ഞല്ലോ കേന്ദ്ര ഗവൺമെന്റ് എന്ന്, ഞാൻ അതിന് മറുപടിയൊന്നും പറയുന്നില്ല, പക്ഷേ കേന്ദ്രത്തിന് വി.പി. സിംഗിന്റെ ഭരണകാലത്തെപ്പോലെ വരരുത് എന്ന് നിർബന്ധമുണ്ട്. അന്ന് പ്രെട്രോൾ ബങ്കിൽ വാഹനങ്ങൾ ആഴ്ചകളോളം ഇന്ധനത്തിനായി കാത്തുനിൽക്കുകയായിരുന്നില്ലേ. അവസാനം മുൻപ്രധാന മന്ത്രി ചന്ദ്രശേഖർ 60 ടൺ സ്വർണ്ണം ബാങ്ക് ഓഫ് ലണ്ടനിൽ കൊണ്ടുപോയി പണയം വച്ചല്ലേ ഇവിടെ ഡീസൽ വാങ്ങിയത്? ആ ഭരണമല്ല ഡോ. മൻമോഹൻ സിംഗിന്റെ ഭരണം. ഞാൻ അതിലേയ്ക്ക് അധികം കടക്കുന്നില്ല. പിന്നെ കുറെ കണക്കുകളൊക്കെ അദ്ദേഹം പറഞ്ഞു. എന്റെ കൈയിലും കണക്കുണ്ട്. ഏതെങ്കിലുമൊരു കാലത്ത് താങ്കളുടെ പിരീഡിൽ ഇവിടെ..... ബഹളം..

ശ്രീ. സി. കെ. നാണു: സർ, പോയിന്റ് ഓഫ് ഓർഡർ

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, പോയിന്റ് ഓഫ് ഓർഡർ ഒന്നുമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: അടിയന്തരപ്രമേയത്തിന് മറുപടി പറയട്ടെ. അതിനിടയിൽ എന്താ പോയിന്റ് ഓഫ് ഓർഡർ. പ്ലീസ്... പ്ലീസ്. ബഹുമാനപ്പെട്ട മെമ്പർ ഇരിക്കണം. ( ..... ബഹളം. ... ) പ്ലീസ്....

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഗവൺമെന്റ് ബിസിനസ്സിലേയ്ക്ക് കടക്കുമ്പോൾ മാത്രമേ പോയിന്റ് ഓഫ് ഓർഡർ ഉള്ളൂ.

മി. ഡെപ്യൂട്ടി സ്പീക്കർ: അടിയന്തരപ്രമേയത്തിനുള്ള മറുപടി പറയുകയാണ്. അദ്ദേഹം പറഞ്ഞു തീരട്ടെ. (... ബഹളം.... ) അദ്ദേഹം സംസാരിച്ചു തീരട്ടെ. മറുപടി പറയാനുള്ളത് പറഞ്ഞ് തീരട്ടെ.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്:</u> സർ, അങ്ങ് പറഞ്ഞാൽ ഞാൻ വഴങ്ങാം. പക്ഷേ ഇവിടത്തെ കീഴ്വഴക്കം ഗവൺമെന്റ് ബിസിനസ്സിലേയ്ക്ക് കടക്കുമ്പോൾ മാത്രമാണ് പോയിന്റ് ഓഫ് ഓർഡർ അനുവദിക്കാറുള്ളത്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> പോയിന്റ് ഓഫ് ഓർഡർ ഇപ്പോൾ ഉന്നയിക്കാൻ പാടില്ല. പ്ലീസ് അദ്ദേഹം സംസാരിക്കട്ടെ.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്:</u> എനിക്ക് വിരോധമൊന്നുമില്ല. ശ്രീ. സി. കെ. നാണുവിന് എന്തെങ്കിലും ചോദിക്കാനുണ്ടെങ്കിൽ ഞാൻ സമ്മതിക്കാം.

<u>ശ്രീ. സി. കെ. നാണു:</u> സർ, സാധാരണ നിലയ്ക്ക് നമ്മുടെ നിയമസഭയിൽ എന്ത് കാര്യങ്ങൾ പറയുന്ന അവസരത്തിലും തെറ്റായി പറഞ്ഞുകഴിഞ്ഞാൽ അത് തെറ്റാണ് എന്ന് പറയാനുള്ള അവകാശം നിയമപരമായി ഉണ്ട്. ഞാനിവിടെ പറയുന്നത് വി.പി. സിംഗിന്റെ ഭരണകാലത്ത് സാമ്പത്തിക പ്രതിസന്ധികൊണ്ട് പെട്രോളും ഡീസലും കിട്ടാത്ത ഒരു അവസ്ഥ ഇൻഡ്യയിലുണ്ടായിട്ടില്ല, കേരളത്തിലുണ്ടായിട്ടില്ല. അത് ചില സന്ദർഭങ്ങളിൽ ഇൻഡ്യയിൽ പലതും ഉണ്ടാകുന്ന ഘട്ടങ്ങളുണ്ട്, കേരളത്തിലുണ്ടായിട്ടില്ല. ഇതിനെ സംബന്ധിച്ച് വേറെ അവസരം വരുമ്പോൾ പറയാം. പക്ഷേ വി. പി. സിംഗിന്റെ ഭരണകാലത്ത് ഉണ്ടായിട്ടില്ല. വസ്തുതാവിരുദ്ധമായി ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വിശദീകരിക്കരുത്.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്:</u> സർ, ഞാൻ സമയം അധികം കളയുന്നില്ല. ബഹുമാനപ്പെട്ട മാത്യു. റ്റി. തോമസ് ഇവിടെ കുറെ കാര്യങ്ങൾ പറഞ്ഞു. ഇന്നത്തെ കുറേ ഷെഡ്യൂളുകൾ ക്യാൻസൽ ചെയ്ത കാര്യം അദ്ദേഹം പറഞ്ഞു. ഞാൻ ഒരു കാര്യം ചോദിക്കട്ടെ, അങ്ങയുടെ പാർട്ടി ഭരിച്ചിരുന്ന കാലത്ത്, ശ്രീ. ജോസ് തെറ്റയിൽ ഗതാഗത വകുപ്പുമന്ത്രിയായിരുന്ന കാലത്ത്, 2011 മെയ് മാസത്തിൽ ടോട്ടൽ ഷെഡ്യൂൾ 5256. അപ്പോൾ ബസ് കൂടുതൽ

ഓടുകയല്ല കുറഞ്ഞിരിക്കുകയാണ് ഇവിടെ. നിങ്ങൾ ഓപ്പറേറ്റ് ചെയ്ത ബസുകളുടെ എണ്ണം 4440. 2011 ജനുവരി മുതൽ ഡിസംബർ വരെ എത്ര രൂപയാണ് നിങ്ങളുടെ ആവറേജ് കളക്ഷൻ വന്നത്? നിങ്ങളിവിടെ പറഞ്ഞത് ഇപ്പോൾ കളക്ഷൻ കുറഞ്ഞുവെന്നല്ലേ? നിങ്ങളുടെ ഭരണകാലത്ത് കളക്ഷൻ പെർ കിലോമീറ്റർ 25.4 ആയിരുന്നു. ഞാൻ പറയുന്നത് കേൾക്കൂ. എന്തിനാണ് ഇത്ര അക്ഷമ കാണിക്കുന്നത്. ഞാൻ ബാക്കിയുള്ളത് പറയാം. താങ്കളുടെ കാലത്ത് ആകെ ഓപ്പറേറ്റഡ് ലോസ്സ് 15 ലക്ഷം ആണ്.  ഇപ്പോൾ ഞങ്ങൾ വെട്ടിക്കുറച്ചുവെന്നു പറഞ്ഞല്ലോ, ജനുവരി മാസത്തിൽ 15.42 ലക്ഷം രൂപയാണ്. താങ്കളുടെ കാലത്തേക്കാൾ കൂടുതലാണ്. കളക്ഷൻ കുറഞ്ഞുവെന്നല്ലേ താങ്കൾ പറഞ്ഞത്. ഒരു കളക്ഷൻ സംബന്ധിച്ച് ഇവിടെ അങ്ങ് പറഞ്ഞു. ഒരു ദിവസത്തെ കളക്ഷൻ 6 കോടി രൂപയെന്നു പറഞ്ഞത് പ്രൈവറ്റ് ബസ് തൊഴിലാളികൾ പണിമുടക്കുനടത്തിയ ദിവസത്തെ കണക്കാണ്. ആ ഡേറ്റാണ് കൊണ്ടുവന്നിരിക്കുന്നത്. എന്തിനാണ് മിസ്റ്റർ ഇതുപോലത്തെ ഏർപ്പാട്? ഒരൊറ്റ കാര്യം നിങ്ങൾ നോക്കൂ. നവംബർ മാസത്തെ കളക്ഷൻ 9700. 2012 മെയ് മാസത്തിൽ 9700. 2012 കൺസോളിഡേറ്റ് ചെയ്ത് ആ മാസത്തെ കളക്ഷൻ 9691 ആണ്. താങ്കൾ കാണണം.  അതുമാത്രമാണോ, റവന്യു കുറഞ്ഞുവെന്നല്ലേ പറഞ്ഞത്. 04-02-2013-ലെ റവന്യൂ 4 കോടി 88 ലക്ഷം രൂപയാണ്. വസ്തുതാപരമല്ലാത്ത കാര്യങ്ങൾ പറയുകയാണ്. അങ്ങയുടെ കാലത്ത് 5262 ഷെഡ്യൂളുകളിൽ 4500 എണ്ണം ഓടിച്ച വീരന്മാരാണ്. അന്ന് ഈ വണ്ടിയൊക്കെ എവിടെയായിരുന്നു?  ഞാൻ നേരത്തേ വളരെ ക്ലിയറായി പറഞ്ഞു.  ശബരിമലയിലേയ്ക്ക് പുതിയ 70 ബസ്സ് അയച്ചു. ആ 70 ബസ്സ്

കൺവെർട്ട് ചെയ്യണം. അത് ഫാസ്റ്റ് പാസഞ്ചറും സൂപ്പർ ഫാസ്റ്റും ആക്കണം. അതിനുവേണ്ടി വർക്ക്ഷോപ്പിൽ കൊണ്ടിട്ടതിന്റെ ഫോട്ടോ വീട്ടിന്റെ മുകളിൽ കയറി എടുത്ത് അതും കൊണ്ട് നടക്കുകയാണ്. പിന്നെ വേറൊരു കാര്യം താങ്കൾക്ക് ഇപ്പോൾ മാതൃഭൂമിയിൽ വിശ്വാസം വന്നതിൽ ഞാൻ സന്തോഷിക്കുന്നു. ഇപ്പോഴെങ്കിലും മാതൃഭൂമിയോട് ഒരു വിശ്വാസം വന്നല്ലോ. മാതൃഭൂമിയോടുള്ള വിശ്വാസവും കൂറും താങ്കളെക്കാൾ ഒക്കെ പുലർത്തുന്ന ഒരാളാണ് ഞാൻ........... അവിടെ കണക്കുപറഞ്ഞാൽ കണക്കല്ലാതെ കഥയാണോ പറയേണ്ടത്. (..ബഹളം.. )

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ബഹുമാനപ്പെട്ട മിനിസ്റ്റർ സംസാരിക്കട്ടെ. പ്ലീസ്... പ്ലീസ്.

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഞാൻ കെ.എസ്.ആർ.ടി.സി. ഓഫീസിൽ നിന്നെടുത്ത കണക്കാണ് ഇത്. ശ്രീ. മാത്യു റ്റി. തോമസിന് എവിടെ നിന്നാണ് കിട്ടിയതെന്ന് അറിഞ്ഞുകൂടാ. ഇത് കെ.എസ്.ആർ.ടി. സി.യിലെ കണക്കാണ്. ആ കണക്ക് അനുസരിച്ച് ഇവിടെ ഇപ്പോൾ കളക്ഷൻ കൂടിയിരിക്കുകയാണ്. 4 കോടി 88 ലക്ഷം രൂപയാണ് 4-ാം തീയതിയിലെ കളക്ഷൻ. നിങ്ങൾ കാണണം. താങ്കളുടെ കാലത്തെ ആവറേജ് കളക്ഷൻ 3 കോടി 97 ലക്ഷം രൂപയാണ്. കളക്ഷൻ കുറഞ്ഞു എന്നുപറഞ്ഞു. പിന്നെ ഷെഡ്യൂളിന്റെ എണ്ണം നോക്കിയാൽ ....... തടസ്സം......... കിലോമീറ്റർ നോക്കണം, ഞങ്ങൾ കട്ട് ചെയ്തു എന്നല്ലേ പറയുന്നത്. ഈ ജനുവരി മാസത്തിൽ ഓടിയത് 15.42 ലക്ഷം കിലോമീറ്ററാണ്. അതേയവസരത്തിൽ നവംബർ മാസത്തിൽ ഓടിയത് 15.41 ലക്ഷം കിലോമീറ്ററാണ്. അന്ന് ഡീസൽ വില

വർദ്ധിച്ചിട്ടില്ല. എന്നിട്ട് ഇത് വെട്ടിക്കുറച്ചു എന്നാണ് പറയുന്നത്. ഇത് വെട്ടിക്കുറച്ചു എന്നുപറയുന്നതിൽ എന്തെങ്കിലും വസ്തുതയുണ്ടോ? ബസ്സുകൾ ബ്രേക്ക് ഡൗൺ ആകുമ്പോഴും ക്രൂവിന്റെ കുറവുണ്ടാകുമ്പോഴുമൊക്കെ ചില സമയങ്ങളിൽ ഷെഡ്യൂളുകൾ ക്യാൻസൽ ചെയ്യാറുണ്ട്. അത് ഇപ്പോഴുള്ളതിനേക്കാൾ കൂടുതൽ ചെയ്ത മാന്യനാണ് അദ്ദേഹം. .........(ബഹളം)...........

മി. ഡെപ്യൂട്ടി സ്പീക്കർ: നോ.... നോ..... പ്ലീസ്..... അദ്ദേഹം മറുപടി പറയട്ടെ. ......(ബഹളം)............

ശ്രീ. മാത്യു ടി. തോമസ്: സർ, ഒരു അടിയന്തരപ്രമേയം അവതരിപ്പിച്ചു എന്ന കുറ്റം മാത്രമല്ലേ ഞാൻ ചെയ്തുള്ളൂ.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഞാൻ എങ്ങനെ മറുപടി പറയണമെന്ന് പ്രതിപക്ഷമാണോ തീരുമാനിക്കേണ്ടത്. ഞാൻ ഇന്ത്യൻ പാർലമെന്റിൽ പറയേണ്ട കാര്യങ്ങളല്ല ഇവിടെ പറയുന്നത്. ഈ സഭ അറിയേണ്ട കാര്യങ്ങളാണ് ഞാൻ ഇവിടെ പറയുന്നത്. കെ.എസ്.ആർ.ടി.സി.യുടെ കണക്കാണ് ഞാൻ പറയുന്നത്. കെ.എസ്.ആർ.ടി.സി.യുടെ കണക്ക് അവർ ഉദ്ധരിച്ചാൽ അത് ശരിയല്ല എന്നുപറയാനുള്ള അവകാശം എനിക്കില്ലേ? ഞാൻ അതേ പറയുന്നുള്ളൂ. സ്വകാര്യ പെർമിറ്റ് കൊടുത്തു എന്നവിടെ പറഞ്ഞു. താങ്കളുടെ കാലത്ത് ഇതുസംബന്ധിച്ച ഒരു കേസ് വന്നപ്പോൾ ഹൈക്കോടതിയുടെ വിധി വന്നു. ആ വിധിയിൽ കെ.എസ്.ആർ.ടി.സി.യിലെ ഈ ഡെഫനിഷൻ ഒഴിവാക്കി. അതിനുശേഷം താങ്കളുടെ കാലത്ത് എത്ര സ്വകാര്യ ബസുകൾ, ഓർഡിനറി ബസ് ഫാസ്റ്റ് പാസഞ്ചറും സൂപ്പർ ഫാസ്റ്റുമാക്കി. അതിനെതിരെ

മൂന്നുനാലു കൊല്ലം ഒരുചെറുവിരൽ അനക്കാൻ താങ്കൾക്ക് സാധിച്ചോ? സി.പി.ഐ. മെമ്പറുടെ നിവേദനത്തെത്തുടർന്ന് ഞാൻ ആ റൂൾ മാറ്റിയിട്ട് അത് കൊടുക്കാത്ത ഒരു സാഹചര്യമുണ്ടാക്കി ഓർഡർ ഇഷ്യൂ ചെയ്തു. സ്വകാര്യ മേഖലയെ സഹായിച്ചത് ആരാണെന്ന് ഞാൻ പറയുന്നില്ല. ആരാണ് ആ സാഹചര്യം ഉണ്ടാക്കിയത്? എന്നിട്ട് അതിനെതിരായിട്ട് ഒന്നും ചെയ്യാൻ സാധിച്ചില്ലല്ലോ; ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് ഞാൻ ഈ വകുപ്പ് ഏറ്റെടുത്ത ഉടൻ ആദ്യം ചെയ്തത് റൂൾ അമെന്റ്മെന്റ് കൊണ്ടുവന്നു. ഒബ്ജക്ഷനും സജഷനും കേട്ട് അതിനുള്ള ഡിസിഷൻ എടുക്കാൻ പോകുകയാണ്. താങ്കളുടെ കാലത്ത് ഇടുക്കി, മലപ്പുറം തുടങ്ങിയ പല സ്ഥലങ്ങളിലും കുട്ടികളെ കയറ്റാതെ സ്വകാര്യ ബസ് മുഴുവൻ ഫാസ്റ്റ് പാസഞ്ചറാക്കി. അതൊഴിവാക്കാൻ ഞങ്ങളുടെ കാലത്ത് റൂൾ തന്നെ അമെന്റ് ചെയ്തു. അതാണ് വസ്തുത. എന്നിട്ട് സ്വകാര്യ ബസിന് ഞങ്ങൾ അധികാരം കൊടുത്തോ? അങ്ങനെ കൊടുത്തത് താങ്കളുടെ കാലത്താണ്. ഞാൻ അത് ഇല്ലാതാക്കാനാണ് ശ്രമിച്ചത്. ഞാൻ ഏതായാലും കൂടുതൽ കാര്യങ്ങളൊന്നും പറയുന്നില്ല. ഏതായാലും കെ.എസ്.ആർ.ടി.സി.യുടെ കാര്യത്തിൽ പ്രതിപക്ഷത്തുനിന്നും വളരെ സഹായകരമായ നിലപാടാണ് എടുത്തത്, താങ്കളുടെ ഭാഗത്തുനിന്നും ഒഴികെ. ഞാൻ ഒന്നും മറച്ചുപിടിക്കുന്നില്ല, കെ.എസ്.ആർ.ടി.സി.യിൽ പ്രതിസന്ധിയുണ്ട്. അതിന് പരിഹാരമുണ്ടാക്കാൻ....... പിന്നെ ഒരു ചാർജ് പറഞ്ഞതെന്താണെന്നുവച്ചാൽ മന്ത്രിസഭ തീരുമാനിച്ച് പിറ്റേന്ന് രാവിലെ 28 കോടി കിട്ടിയില്ല എന്നാണ്. ഇതിനൊരു പ്രൊസീഡ്യുറൊക്കെ ഇല്ലേ. ഇക്കാര്യങ്ങളെക്കുറിച്ച് എന്നേക്കാൾ കൂടുതൽ താങ്കൾക്ക് അറിയാവുന്നതല്ലേ; എന്നിട്ട് സഭയെ തെറ്റിദ്ധരിപ്പിക്കാൻ ഈ

രൂപത്തിൽ പറഞ്ഞാലെങ്ങനെയാണ്? മന്ത്രിസഭ പാസ്സാക്കിയാൽ പിറ്റന്നു തന്നെ കൊടുക്കാൻ കഴിയുമോ? അതിന് ന്യൂ സർവ്വീസ് പ്രൊസീഡ്യുവർ വേണ്ടേ; ഇത് ബഡ്ജറ്റ് പ്രൊവിഷനിൽ ഇല്ലാത്ത കാര്യമല്ലേ?

ഡോ. ടി. എം. തോമസ് ഐസക്: അങ്ങ് സംസാരിക്കുന്നതുകേട്ട് അദ്ദേഹം തല കുലുക്കുന്നുണ്ടല്ലോ.

ശ്രീ. ആര്യാടൻ മുഹമ്മദ്: ശരിയല്ല എന്ന അർത്ഥത്തിലാണ് അദ്ദേഹം തല കുലുക്കുന്നത്. ഞാൻ ഇവിടെ പറഞ്ഞ കാര്യത്തിന് താങ്കൾ തല കുലുക്കിയാൽ ഞാൻ പറഞ്ഞ കാര്യങ്ങളൊക്കെ ശരിയാണെന്ന് താങ്കൾ സമ്മതിക്കും, പക്ഷെ ഇദ്ദേഹം സമ്മതിക്കില്ല. അതല്ലെ വ്യത്യാസം? ചോദ്യോത്തര സമയത്ത് മറുഭാഗത്തുനിന്നും വളരെ നല്ല നിർദ്ദേശങ്ങളൊക്കെ വന്നിട്ടുണ്ട്. ഇത് വാസ്തവത്തിൽ കേരളത്തെ വളരെ പ്രതികൂലമായി ബാധിക്കുന്ന കാര്യമാണ്. യാതൊരു സംശയവുമില്ല. ഇതിന് ശക്തിയായ എതിർപ്പ് രേഖപ്പെടുത്തേണ്ടതുണ്ട്. ഞങ്ങൾ രേഖപ്പെടുത്തിക്കഴിഞ്ഞു. ~~ഇനി~~ അതിനുവേണ്ടി ഗവൺമെന്റ് എന്തുവേണമെങ്കിലും ചെയ്യാൻ തയ്യാറാണ്. ആ വസ്തുത ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഇവിടെ പറഞ്ഞു. പ്രതിപക്ഷം ഈ കാര്യത്തിൽ സഹകരിക്കുന്നതിൽ നന്ദി രേഖപ്പെടുത്തുന്നു. ഈയൊരു സാഹചര്യത്തിൽ ഈ പ്രശ്നം സഭ നിറുത്തി വച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല എന്നാണ് എന്റെ അഭിപ്രായം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

പ്രതിപക്ഷനേതാവ് <u>ശ്രീ. വി. എസ്. അച്ചുതാനന്ദൻ</u>): സർ, സാധാരണക്കാരായ ജനങ്ങൾക്ക് യാത്ര ചെയ്യാനുള്ള ഏറെ സൗകര്യമൊരുക്കുന്ന ഒരു സ്ഥാപനമാണ് കെ.എസ്.ആർ.ടി.സി. എന്ന പൊതുമേഖലാ സ്ഥാപനം. ആ സ്ഥാപനം ബൾക്കായി ഓയിൽ വാങ്ങിയിട്ടും സ്വകാര്യ ബസുകളിൽ നിന്നും വാങ്ങുന്നതിനേക്കാൾ കൂടുതൽതുക വാങ്ങിക്കൊണ്ട് സാധാരണക്കാർക്ക് പ്രയോജനം ചെയ്യുന്ന കെ.എസ്.ആർ.ടി.സി. ബസ്യാത്രയെ തകർക്കാൻ വേണ്ടി നടത്തുമ്പോൾ പണ്ടത്തെ കാര്യങ്ങൾ പറഞ്ഞുകൊണ്ട് അതിനെ എതിർക്കാനാണ് ബഹുമാനപ്പെട്ട മന്ത്രിയും കൂട്ടരും പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്. കച്ചവട താല്പര്യമനുസരിച്ച് നോക്കിയാൽപ്പോലും ബൾക്കായി എണ്ണ വാങ്ങുന്ന സ്ഥാപനങ്ങളോട് ഒരു കൺസഷൻ കാണിക്കുക എന്നത് കച്ചവട താല്പര്യത്തിന്റെതന്നെ പ്രാഥമിക ചുമതലയാണ്. അതനുസരിച്ചുള്ള താല്പര്യം കെ.എസ്.ആർ.ടി.സി.യോട് കാണിക്കുന്നില്ല എന്ന യാഥാർത്ഥ്യം കെ.എസ്.ആർ.ടി.സി.യിലെ ഇപ്പോഴത്തെ മന്ത്രിക്ക് ബോധ്യമല്ല. അവസാനം അദ്ദേഹത്തിന് ബോധ്യമായി എന്നുള്ള നിലയിലാണ് ഞങ്ങൾ പ്രതിഷേധിച്ച് കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്, നിങ്ങളും അതുപോലെ പ്രതിഷേധിച്ച് കേന്ദ്രത്തെ അറിയിക്കണമെന്ന് പറയുന്നത്. എന്തിനാണ് നിങ്ങൾ പ്രതിഷേധിച്ചത്? ബൾക്കായിട്ട് എണ്ണ വാങ്ങുന്ന കെ.എസ്.ആർ.ടി.സി.ക്ക് ചാർജ് വർദ്ധിപ്പിച്ചത് ശരിയല്ല എന്ന് ഒരുവാക്കും പറഞ്ഞിട്ടായിരുന്നു തല കുലുക്കിയതോ തല റൗണ്ടായിട്ട് പറഞ്ഞതെങ്കിലോ........ വാസ്തവത്തിൽ കഷ്ടംതന്നെ. അടിയയന്തരപ്രമേയം സ്ഥാനത്തുതന്നെയാണ് ഉന്നയിച്ചിട്ടുള്ളത്. ഈ അടിയന്തരപ്രമേയത്തെ നിഷേധിച്ച് സാധാരണക്കാരുടെ നെറുകയിൽ വീണ്ടും ചാർജ്ജ് വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്ന സാഹചര്യം.........., താൽക്കാലിക സംവിധാനമെന്ന നിലയിൽ

കേന്ദ്ര ഗവൺമെന്റ് തന്നുവെന്ന് പറഞ്ഞുകൊണ്ട് ചെയ്തില്ലെങ്കിലും ഭാവിയിൽ സാധാരണക്കാരന്റെമേൽ ഡീസലിന്റെ വില കൂട്ടുന്നതിന്റെ ഫലമായി............, ഓരോ മാസവും 50 പൈസ വച്ച് കൂടുകയല്ലേ? വർഷത്തിൽ ആറുരൂപയുടെ വർദ്ധനവ് ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. കുറേക്കാലം കഴിയുമ്പോൾ കെ.എസ്.ആർ.ടി.സി.-യിലെ തൊഴിലാളികളുടെ തൊഴിലില്ലായ്മയും വർദ്ധിക്കുന്നതാണ്. ഇത്തരത്തിൽ സാമൂഹ്യമായ ഒരു ദ്രോഹനടപടി കൈക്കൊണ്ടിരിക്കുന്നത് ബോധ്യപ്പെട്ടിട്ടും അത് തിരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുകയോ ബഡ്ജറ്റിൽ നിന്നും ഇതിനുവേണ്ടിയുള്ള പണം മാറ്റിവയ്ക്കുകയോ അല്ലേ ചെയ്യേണ്ടത്? കേന്ദ്ര ഗവൺമെന്റ് പണം തരുന്നതുവരെ ബഡ്ജറ്റിൽ നിന്നും തുക മാറ്റിവച്ചിട്ട് കെ.എസ്.ആർ.ടി.സി.-യെ ദോഷകരമായി ബാധിക്കാത്ത വിധത്തിലുള്ള നടപടി സ്വീകരിക്കുകയാണ് വേണ്ടത്. തൊഴിലാളികൾക്ക് തൊഴിലില്ലായ്മ സൃഷ്ടിക്കാനിടയാകുന്ന നടപടി സ്വീകരിക്കാതിരിക്കുകയാണ് വേണ്ടത്. ആ നിലയിലുള്ള സമീപനം ഗവൺമെന്റ് സ്വീകരിക്കാത്തതിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് ചെയ്യുകയാണ്.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ച ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി.എസ്. അച്ചുതാനന്ദനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

(ശ്രീ. സി. ദിവാകരൻ)

P-06-02-2013 AJ-JG(1)
10.10-10.20

ശ്രീ. സി. ദിവാകരൻ: സർ, അതീവഗുരുതരമായ ഒരു പ്രശ്നമാണ് ഇപ്പോൾ അടിയന്തരപ്രമേയത്തിലൂടെ ഞങ്ങൾ ഉന്നയിച്ചത്. കേരളത്തിലെ സാധാരണ ജനങ്ങൾ ബന്ദിയാക്കപ്പെട്ടിരിക്കുകയാണ്. യാത്ര ചെയ്യാൻ

കഴിയുന്നില്ല. യാത്രാസ്വാതന്ത്ര്യംതന്നെ നിഷേധിച്ചിരിക്കുകയാണ്. ബസ്സ് ചാർജ്ജ് കൂട്ടിയത് ഒന്നാമത്തെ ക്രിമിനൽ കുറ്റമാണ്. രണ്ടുതവണ നിങ്ങൾ ബസ്സ്ചാർജ്ജ് വർദ്ധിപ്പിച്ചു. ഇപ്പോൾ ബസ്സ് ഇല്ല, ഒരു ന്യായവും പറയാനില്ല. എന്തെല്ലാം മറുപടി പറഞ്ഞാലും ഇതെല്ലാം യാഥാർത്ഥ്യങ്ങളാണ്. നമ്മളെല്ലാം നാട്ടിൽ ജീവിക്കുന്നവരാണ്. ജനങ്ങൾക്ക് നാഥനില്ലാത്ത അവസ്ഥയാണ്. കാട്ടാക്കട, നെയ്യാറ്റിൻകര, നെടുമങ്ങാട് എന്നിവിടങ്ങളിൽ നിന്നെല്ലാം മെഡിക്കൽ കോളേജിലേക്ക് രോഗിയെ കൊണ്ടുവരാൻ പാവപ്പെട്ട കുടുംബങ്ങൾക്ക് ഇന്ന് കഴിയുന്നില്ല. ഇപ്പോഴത്തെ ട്രാൻസ്പോർട്ട് നടത്തിപ്പ് അത്രയധികം നിർഭാഗ്യകരമാണ്. കേന്ദ്രത്തിന്റെ കൈയിൽനിന്ന് കിട്ടിയതിനു ശേഷം നന്നാക്കാമെന്നാണ് ഇപ്പോൾ പറയുന്നത്. മുഖ്യമന്ത്രിയല്ല, ഞങ്ങളെ ല്ലാവരുംകൂടി പോയാലും ഈ കാര്യത്തിൽ ഒരു മാറ്റവും വരാൻ പോകുന്നില്ല. കാരണം ഇത് കേന്ദ്രമല്ല, ഇത് റിലയൻസാണ് തീരുമാനിച്ചിരി ക്കുന്നത്, റിലയൻസ് കമ്പനിയുടെ തീരുമാനമാണ്. റിലയൻസിനെ മാറ്റാനി പ്പോൾ സാധ്യമല്ല. പ്രധാനമന്ത്രിയെ മാറ്റാൻ കഴിയുന്ന തരത്തിലാണ് റിലയൻസ് ഇപ്പോൾ എത്തിനിൽക്കുന്നത്. അതുകൊണ്ട് തൽക്കാലം നിയമ സഭയിൽ ഇങ്ങനെയൊരു മറുപടി പറയാം, കേന്ദ്രത്തിൽ എല്ലാവരുംകൂടി പോയി സമ്മർദ്ദം ചെലുത്തി........, കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തി ഒരു ലിറ്റർ മണ്ണെണ്ണ കൂടുതൽ വാങ്ങാൻ കഴിഞ്ഞിട്ടുണ്ടോ; വെറുതെയല്ലേ ഇതു പറയുന്നത്? ഇതിൽ ഞങ്ങളുടെ നിർദ്ദേശം ഇവിടെ പറയുകയാണ്, സംസ്ഥാനത്തിന്റെ നികുതി ഒഴിവാക്കണം, തൽക്കാലത്തേക്ക് സെയിൽസ് ടാക്സ് പൂർണ്ണമായും ഒഴിവാക്കണം. രണ്ട് തരത്തിലുള്ള നികുതിയുണ്ട്. സെയിൽസ് ടാക്സ് നികുതി ഒഴിവാക്കി........., ധനകാര്യ വകുപ്പുമന്ത്രി ഇതൊന്നും ശ്രദ്ധിക്കാതെ, കേരളത്തിലെ പാവപ്പെട്ട ആളുകളുടെ യാത്രയ്ക്ക്

ധനകാര്യ വകുപ്പുമന്ത്രിക്ക് ഒരു ചുമതലയുമില്ല. കൂട്ടുത്തരവാദിത്വമുള്ളതല്ലേ? സെയിൽസ് ടാക്സ് ഒഴിവാക്കാൻ തീരുമാനമെടുക്കണം. അതിന് കേന്ദ്രത്തിൽ പോകേണ്ട, കേരളത്തിൽ തീരുമാനിക്കാം. അതുപോലെ പെൻഷൻ ബാധ്യത കെ.എസ്.ആർ.ടി.സി.-യിൽ നിന്ന് ഒഴിവാക്കി ഗവൺമെന്റ് നേരിട്ട് പെൻഷൻ കൊടുക്കണം. ഈ രണ്ട് കാര്യങ്ങളിൽ തീരുമാനമെടുത്താൽ കെ.എസ്.ആർ.ടി.സി. എന്ന പൊതുമേഖലാ സ്ഥാപനവും 30,000 തൊഴിലാളികളും - അവർക്ക് സുസ്ഥിരമായ ഒരു സംവിധാനമുണ്ടാകും. കെ.എസ്.ആർ.ടി.സി. -ക്ക് ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയും. ഞങ്ങളുടെ കാലത്ത് എന്തുകൊണ്ട് ചെയ്തില്ല എന്ന് നിങ്ങൾ ചോദിക്കാം. അത് ചോദിച്ചു കൊണ്ടാണ് നിങ്ങൾ കഴിയാൻ പോകുന്നതെങ്കിൽ നിങ്ങളുടെ കാര്യം വളരെ കഷ്ടമായിരിക്കും. നിങ്ങൾക്ക് പലതും ചെയ്യാം, നിങ്ങളിപ്പോൾ ചെയ്തു കൊണ്ടിരിക്കുന്നു. പക്ഷെ ജനങ്ങൾക്കുവേണ്ടിയുള്ള ഒരു കാര്യവും ചെയ്യുന്നില്ല. വിലക്കയറ്റമായാലും പൊതുവിതരണമായാലും ട്രാൻസ്പോർട്ടാ യാലും വൈദ്യുതിയായാലും ഒന്നും ചെയ്യാൻ കഴിയുന്നില്ല. വൈദ്യുതിയുടെ കാര്യം ഇപ്പോൾ ഞാൻ പറയുന്നില്ല. അതുകൊണ്ട് സംസ്ഥാന ഗവൺമെന്റ് ഈ രണ്ട് തീരുമാനങ്ങളെടുക്കണം, നികുതി ഒഴിവാക്കണം, ബഡ്ജറ്റ് വിഹിതം ഉണ്ടാക്കണം. പെൻഷൻ ബാധ്യത ഗവൺമെന്റ് ഏറ്റെടുത്തുകൊണ്ട് സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ആർ.ടി.സി.-യെ എന്നെന്നേയ്ക്കുമായി രക്ഷപ്പെടുത്താനുള്ള മൗലികമായ നടപടികൾ സ്വീകരിക്കാൻ തയ്യാറല്ലാത്തതുകൊണ്ടും ചർച്ച ചെയ്യാൻ കഴിയാത്തതു കൊണ്ടും ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുകയാണ്.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ച ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. സി. ദിവാകരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ശ്രീ. മാത്യു ടി. തോമസ്: സർ, ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി വളരെ ദീർഘമായ മറുപടി നൽകിക്കഴിഞ്ഞു. ഗതാഗത വകുപ്പുമന്ത്രിയുടെ വാഗ്വൈഭവംകൊണ്ട് ഒരു കിലോമീറ്ററെങ്കിലും ബസ് ഓടുമായിരുന്നുവെങ്കിൽ കെ.എസ്.ആർ.ടി.സി.-ക്ക് ഡീസൽ പ്രതിസന്ധി ഒരു പ്രശ്നമല്ലായിരുന്നു. അദ്ദേഹം നന്നായി സംസാരിക്കുന്നുണ്ട്, പക്ഷെ വണ്ടി ഓടുന്നില്ല. അദ്ദേഹം കണക്കുകൾ വച്ചില്ലേ? ഫെബ്രുവരി 3-ാം തീയതി ഞായറാഴ്ച ഓടിയത് 13,77,000 കിലോമീറ്റർ അല്ലായിരുന്നോ? കെ.എസ്.ആർ.ടി.സി.-യുടെ ഔദ്യോഗിക കണക്കാണിത്. തിങ്കളാഴ്ച ഓടിയത് 14,96,000 കിലോമീറ്റർ മാത്രമാണ്. ഞങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് നൂറുശതമാനം ഷെഡ്യൂളുകളും ഓടിയിട്ടുണ്ടെന്ന് ഞങ്ങൾ പറഞ്ഞിട്ടില്ല. അന്ന് 90 ശതമാനത്തിലധികം ഓടി ഇന്ന് 79 ശതമാനമേ ഓടുന്നുള്ളൂ എന്നതാണ് പ്രശ്നം. അന്ന് കെ.എസ്.ആർ.ടി.സി.-ക്ക് 90% ശതമാനത്തിലധികം ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. പക്ഷെ ഇന്നത് വീണ്ടും താഴേയ്ക്ക് പോകുകയാണ്. ഇവിടത്തെ ഒരു പ്രധാനപ്പെട്ട പ്രശ്നത്തിന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞില്ല. കുറഞ്ഞ വിലയ്ക്ക് ഡീസൽ തരാമെന്ന് ഈ മന്ത്രിസഭയിലെ അംഗമായ ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി പറഞ്ഞു. എന്തുകൊണ്ട് വാങ്ങുന്നില്ല? 12 രൂപ വിലകുറച്ച് കെ.എസ്.ആർ.ടി.സി.-ക്ക് ഡീസൽ തരാമെന്ന് ഈ മന്ത്രിസഭയിലെ ഒരു മന്ത്രി പറയുന്നു. ആ ഡീസൽ വാങ്ങാതെ കൂടിയ വിലയ്ക്കുമാത്രമേ ഡീസൽ വാങ്ങൂവെന്ന ദുർവാശി

എന്തിനാണ്? ഈ ഗവൺമെന്റിലെ ഒരു മന്ത്രി തന്നെ നൽകിയ വാഗ്ദാനം സ്വീകരിക്കുവാൻ ഈ സർക്കാരിന് കഴിയുന്നില്ല. കൂടിയ വിലയ്ക്ക് ഡീസൽ വാങ്ങി കെ.എസ്.ആർ.ടി.സി.-യെ പ്രതിസന്ധിയിലാക്കുകയെന്ന ലക്ഷ്യം ഗവൺമെന്റിനുണ്ടോ? കെ.എസ്.ആർ.ടി.സി.-യെ തകർക്കണമെന്ന് ആഗ്രഹിക്കുന്ന കുറേയാളുകൾ ഈ സംസ്ഥാനത്തുണ്ട്. അവരുടെ കൈയിലെ ഒരു പാവയായി മാറാൻ..................

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, അങ്ങ് യാഥാർത്ഥ്യ ബോധത്തോടുകൂടി സംസാരിക്കണം. സിവിൽ സപ്ലൈസ് കോർപ്പറേഷന് 17 ഔട്ട്‌ലെറ്റുകൾ മാത്രമേയുള്ളൂ. ആ 17 എണ്ണത്തിൽ നിന്നും ഡീസൽ നൽകാൻ കഴിയില്ല. ഞങ്ങൾ എല്ലാ പെട്രോളിയം കമ്പനികളുമായും ബന്ധപ്പെട്ടിട്ടുണ്ട്. ഇവിടത്തെ സ്വകാര്യ ബസ്സുകൾക്ക് ലഭിക്കുന്ന ആനുകൂല്യം കെ.എസ്.ആർ.ടി.സി.-ക്കും നൽകിയേപറ്റൂവെന്ന് അവരോടെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഈ ചർച്ച കഴിഞ്ഞതിനുശേഷം കമ്പനികളുമായി ഈ വിഷയം ചർച്ച ചെയ്യുന്നുണ്ട്. അവരുമായി ഇക്കാര്യം ചർച്ച ചെയ്യും. ഒരു കാരണവശാലും ഇവിടത്തെ സ്വകാര്യ ബസ്സുകൾ കൊടുക്കുന്ന റേറ്റിനേക്കാൾ കൂടിയ റേറ്റിൽ കെ.എസ്.ആർ.ടി.സി. ഡീസലടിക്കുന്ന പ്രശ്നമേയില്ല, അത് വാങ്ങിയിരിക്കും.

ശ്രീ. മാത്യു ടി. തോമസ്: ആ ഉറപ്പ് ഞാൻ അംഗീകരിക്കുകയാണ്. എന്റെ ചോദ്യം, മൂന്ന് ആഴ്ച്ച കഴിഞ്ഞില്ലേ? മൂന്ന് ആഴ്ച്ച പ്രതിദിനം നാലര ലക്ഷം ലിറ്റർ ഡീസൽ കൂടിയ വിലയ്ക്ക് കെ.എസ്.ആർ.ടി.സി. വാങ്ങി. കെ.എസ്.ആർ.ടി.സി. അല്ലെങ്കിൽത്തന്നെ പ്രതിസന്ധിയിലാണ്. എന്തിനാണ് പുതിയ പ്രതിസന്ധി കൊണ്ടുവന്നത്? ഞാൻ വ്യക്തിപരമായി ചോദിക്കുക

യാണെന്ന് ധരിക്കരുത്, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഔദ്യോഗിക വാഹനത്തിൽ ഡീസലടിക്കുന്നത് സർക്കാരിന്റെ ചിലവിലല്ലേ; അത് കുറഞ്ഞ വിലയ്ക്ക് ലഭിക്കുന്നുണ്ടല്ലോ; സെക്രട്ടേറിയറ്റിൽ എല്ലാ വാഹനങ്ങൾക്കും കുറഞ്ഞ വിലയ്ക്ക് ഡീസൽ കിട്ടുന്നല്ലോ? അങ്ങനെ വാങ്ങുന്നതിനുള്ള സംവിധാനം..........., സിവിൽ സപ്ലൈസ് കോർപ്പറേഷന് പരിമിതികളുണ്ടെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് ഞാൻ അംഗീകരിക്കുന്നു. പക്ഷെ മന്ത്രി പറഞ്ഞ ഒരു കാര്യമാണ് ഞാൻ പറഞ്ഞത്. 18-ാം തീയതി ഉത്തരവി റങ്ങി 19-ാം തീയതി മുതൽ തന്നെ കുറഞ്ഞ വിലയ്ക്ക് ഡീസൽ വാങ്ങി എല്ലാ സർവ്വീസുകളും ഓപ്പറേറ്റ് ചെയ്യാൻ കഴിയുമായിരുന്നു. ഇവിടെ ഒരു കാഴ്ച്ച പ്പാടിന്റെ പ്രശ്നമുണ്ട്. വികസനമെന്നത് ഗവൺമെന്റിന്റെ നിലപാടാണോ? ഈ ഗവൺമെന്റ് നിലവിൽ വന്നതിനുശേഷം എത്ര പുതിയ ബസുകൾ നിരത്തിലിറക്കി? പഴയ ഗവൺമെന്റ് ഓർഡർ ചെയ്ത കുറച്ചു ബസുകൾ നിരത്തിലിറക്കിയതല്ലാതെ പുതിയ ബസ്സുകൾ നിരത്തിലിറക്കാൻ കഴിയുന്നു ണ്ടോ; വർക്ക്ഷോപ്പുകളിൽ ബോഡി നിർമ്മിക്കാൻ കഴിയുന്നുണ്ടോ; വികസനമെന്നത് ഒരു ലക്ഷ്യമാണോ; അതോ സ്വകാര്യ മേഖലയോട് മത്സരി ക്കേണ്ട തോറ്റുകൊടുക്കുകയെന്നതാണോ ലക്ഷ്യം? അതുകൊണ്ട് കെ.എസ്. ആർ.ടി.സി.-യെ തകർക്കുവാൻവേണ്ടി സംസ്ഥാനത്തുള്ള കരാളഹസ്തങ്ങ ളുടെ കൈയിലെ പാവയായി സംസ്ഥാന സർക്കാർ മാറരുത്. ആ നിഷ്ക്രിയ ത്വമാണ് ഈ ദിവസങ്ങളിൽ കാട്ടിയത്. അതിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ച ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മാത്യു ടി. തോമസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ശ്രീ. എ. എ. അസീസ്: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് മുഖവിലയ്ക്കെടുക്കുകയാണ്. ബൾക്ക് പർച്ചേസ് ചെയ്യുന്ന കെ.എസ്.ആർ.ടി.സി പോലുള്ള സ്ഥാപനങ്ങളിൽ അമിതമായ വില ഈടാക്കുകയും സ്വകാര്യ ഉടമകൾക്ക് സൗജന്യം അനുവദിക്കുകയും ചെയ്യുക എന്നത് ആഗോളവത്ക്കരണ നയത്തിന്റെ ഭാഗമാണ്. അത് ഇവിടെ മാത്രം നടപ്പാക്കാൻ സാധിക്കുമോ എന്നത് സംശയമാണ്. പുത്തൻ സാമ്പത്തിക നയത്തിന്റെ ഭാഗമാണ്, കോർപ്പറേറ്റുകളെ സഹായിക്കുക എന്നതാണ്. ആ നയത്തിന്റെ ചുവടുപിടിച്ചുകൊണ്ടാണ് ബൾക്ക് പർച്ചേസുകൾക്ക് അമിതമായ വിലയും അതല്ലാത്ത ആളുകൾക്ക് കുറഞ്ഞ വിലയും വന്നിരിക്കുന്നത്. ഞാനോർക്കുന്നു, കെ.എസ്.ആർ.ടി.സി-യുടെ ആരംഭ കാലഘട്ടത്തിൽ അതാത് പമ്പ് ഹൗസുകളിൽ നിന്നാണല്ലോ പെട്രോളും ഡീസലും എടുത്തത്. അന്ന് എണ്ണം കുറവായിരുന്നെങ്കിൽ ഇപ്പോൾ പ്രതിസന്ധിയാണ് വന്നിരിക്കുന്നത്. ഈ രൂക്ഷമായ പ്രതിസന്ധിയെ എങ്ങനെ മറികടക്കാം എന്ന് ചിന്തിക്കണ്ടേ? അന്ന് പമ്പ് ഹൗസുകളിൽ നിന്ന് എടുക്കുമ്പോൾ ബൾക്ക് പർച്ചേസർ അല്ല. അത് നിർത്തലാക്കാൻ എന്താണ് കാരണം? നിർത്തലാക്കാൻ കാരണം, നേരത്തെ ഇവിടെ ശ്രീ. മാത്യ. റ്റി. തോമസ് പറഞ്ഞതുപോലെ ഒരു കാലഘട്ടത്തിൽ ചില മോഷണങ്ങൾ നടന്നപ്പോൾ...... യഥാർത്ഥത്തിൽ ജീവനക്കാർ മോഷ്ടിക്കുന്നു എന്ന് വരുത്തി തീർത്താണ് ബൾക്ക് പർച്ചേസർ ആയത്. എന്നാൽ അതിരൂക്ഷമായ പ്രതിസന്ധി ഉണ്ടായിരിക്കുന്ന സമയത്ത് തൊഴിലാളികളെ

കൂടി വിശ്വാസത്തിലെടുത്തുകൊണ്ട് അതിനെ മറികടക്കാൻ കേന്ദ്ര സഹായം ലഭിക്കുന്നതുവരെയോ അല്ലെങ്കിൽ ബദൽ സംവിധാനം ഉണ്ടാകുന്നതു വരെയോ എന്തുകൊണ്ട് പെട്രോൾ ബങ്കുകളിൽ നിന്ന് എടുത്തുകൂടാ? അങ്ങനെ ഈ പ്രതിസന്ധി മറി കടക്കാൻ സാധിക്കുമല്ലോ. ബഹുമാനപ്പെട്ട മന്ത്രി അടിയന്തരപ്രമേയത്തിന് മറുപടി പറഞ്ഞത് എല്ലാം പൂർണ്ണമായും ശരിയല്ല. കാരണം കൊല്ലം ജില്ലയിലുൾപ്പെടെ ധാരാളം ഷെഡ്യൂളുകൾ വെട്ടിക്കുറച്ചു. ഷെഡ്യൂളുകൾ വെട്ടിക്കുറച്ചില്ല എന്ന് പറയുന്നതിനോട് യോജിക്കാൻ കഴിയില്ല. ഈ പ്രതിസന്ധി അതിരൂക്ഷമാണ്. ഇതിൽ നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ ശമ്പളത്തേക്കാൾ മുന്തിയ പെൻഷനാണ് നൽകേണ്ടിയിരിക്കുന്നത്. അത് ഒരു കാലത്ത് ഉണ്ടായിപ്പോയ ഒരു സ്ഥിതി വിശേഷമാണ്. ആ പെൻഷൻ പദ്ധതി, ആ തുക സംസ്ഥാന ഗവൺമെന്റ് ഏറ്റെടുക്കണം. അതല്ലാതെ കെ.എസ്.ആർ.ടി.സി.യെ രക്ഷപ്പെടുത്തി മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കുകയില്ല. പ്രതിദിനം 16 കോടി രൂപയും, 30 കോടി രൂപയും നഷ്ടം വരുന്ന ഒരു പൊതുമേഖലാ സ്ഥാപനം നിലനിർത്തികൊണ്ടുപോകാൻ സാധിക്കുമോ എന്ന കാര്യം ആലോചിക്കേണ്ട താണ്. ഇനി സ്റ്റാറ്റ്യൂട്ടറി പെൻഷന് പകരം പങ്കാളിത്ത പെൻഷൻ വരുമ്പോൾ അതും അവർക്ക് ബാധകമാണ്. ഈ സ്ഥിതിക്ക് കെ.എസ്.ആർ.ടി.സി.യെ സംബന്ധിച്ച് സമഗ്രമായ ഒരു ചർച്ച ട്രേഡ് യൂണിയനുകളുമായും രാഷ്ട്രീയ പാർട്ടികളുമായി നടത്തി ഇതിനെ നിലനിർത്തുന്നതിന് സഹായകരമായ സമീപനം സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകണം. അത്തരം ഒരു ചർച്ചയ്ക്ക് തയ്യാറാകാത്ത സാഹചര്യത്തിലാണ് ഞങ്ങൾ വാക്കൗട്ട് നടത്താൻ തീരുമാനിച്ചത്.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. എ.എ. അസീസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)